# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചെല്ലാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇ.കെ.എം.)/പി 1)/728 /25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 11/07/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഇ.കെ.എം.)/പി 1)/728 /25 തീയ്യതി: 11/07/2025

# എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 11-06-2025 | 19-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-06-2025 | 19-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
സഫിയ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ബെറ്റ്സി ജോസഫ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
വാലന്റയിൻ കെ. ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ടോണി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എൽ ജോസഫ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ആനന്ദൻ റ്റി. വി. | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ. തോമസ് വി. കുരുവിള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 06-08-2024 |
| ശ്രീ. ജോസഫ് സി. എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-08-2024 | 29-08-2024 |
| സജിത്ത് രാജ് എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-08-2024 | 19-09-2024 |
| ശ്രീമതി. ശ്രീലത ജി. | സെക്രട്ടറി | 20-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. തോമസ് വി. കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 06-08-2024 |
| ശ്രീ. ജോസഫ് സി. എ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-08-2024 | 04-09-2024 |
| ശ്രീ. സജിത്ത് രാജ് എൻ. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-09-2024 | 27-09-2024 |
| ശ്രീ. അജയൻ എൻ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 28-09-2024 | 31-03-2025 |
| ശ്രീമതി ഗായത്രി എം എൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. അൻസിയ എം. എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-12-2024 |
| ശ്രീമതി.ജിനി പി. വർഗ്ഗീസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |
| ശ്രീമതി.വിനില സി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. സ്മിത കെ. ഷേണായ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. ഇന്ദു ആൻ സ്കറിയ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. ജിനി കെ. തോമസ് | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി, ചെല്ലാനം | 01-04-2024 | 31-03-2025 |
| ഡോ.ഷൈന.എസ്. തെരുവത്ത് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,കണ്ടക്കടവ് | 01-04-2024 | 13-10-2024 |
| ഡോ. ശ്രീപ്രിയ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,കണ്ടക്കടവ് | 14-10-2024 | 31-03-2025 |
| ഡോ. ശ്രീലക്ഷ്മി പി. എം | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺ പി. എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി. സുജിത എസ്. | വി.ഇ.ഒ (കണ്ടക്കടവ്) | 01-04-2024 | 31-03-2025 |
| ശ്രീമതി. അശ്വതിക്കുട്ടി ഒ. എ. | വി.ഇ.ഒ (കാട്ടിപ്പറമ്പ്) | 01-04-2024 | 01-05-2024 |
| ശ്രീമതി. സുജിത എസ്. | വി.ഇ.ഒ (കാട്ടിപ്പറമ്പ്-ഇൻ-ചാർജ്ജ്) | 02-05-2024 | 08-08-2024 |
| ശ്രീമതി .രാജേശ്വരി കെ. വി | വി.ഇ.ഒ (കാട്ടിപ്പറമ്പ്-ഇൻ-ചാർജ്ജ്) | 09-08-2024 | 21-08-2024 |
| ശ്രീമതി. നിഷ എൽ. എസ് | വി.ഇ.ഒ (കാട്ടിപ്പറമ്പ്-ഇൻ-ചാർജ്ജ്) | 22-08-2024 | 31-03-2025 |
| ശ്രീ. പ്രതീഷ്കുമാർ ജി | വി.ഇ.ഒ (ചെല്ലാനം) | 01-04-2024 | 18-09-2024 |
| ശ്രീമതി .രാജേശ്വരി കെ. വി | വി.ഇ.ഒ (ചെല്ലാനം-ഇൻ-ചാർജ്ജ്) | 19-09-2024 | 24-09-2024 |
| ശ്രീമതി. സുജാത വി.എൻ | വി.ഇ.ഒ (ചെല്ലാനം) | 25-09-2024 | 31-03-2025 |
| ശ്രീമതി .രാജേശ്വരി കെ. വി | വി.ഇ.ഒ (കണ്ണമാലി) | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | ബി-4 ഷെഡ്യൂളിലെയും ബി-17 ഷെഡ്യൂളിലെയും നീക്കിയിരിപ്പുകൾ തമ്മിൽ വ്യത്യാസം | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക നില | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പെൻഷൻ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | FACTEOS ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-10 |
| 15 | പഞ്ചായത്ത് വക കടമുറികളുടെ വാടക-വൻ തുക കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 16 | വസ്തു നികുതി - കുടിശിക ഈടാക്കേണ്ടതാണ് | 1-12 |
| 17 | പഞ്ചായത്ത് വക ചാൽ ലേലം - വൻ തുക കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 18 | വസ്തുനികുതി പിരിവ്- ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല- അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പിക്കാനാവുന്നില്ല | 1-14 |
| 19 | അനധികൃത കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-15 |
| 20 | തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച കെട്ടിടം ചട്ടവിരുദ്ധമായി ക്രമവത്കരിച്ച് നികുതി നിർണ്ണയിച്ചു | 1-16 |
| 21 | സ്ഥിര നിക്ഷേപ പലിശയിൽ നിന്നും ബാങ്ക് ആദായ നികുതി ടി.ഡി.എസ്.കുറവ് ചെയ്തു | 1-17 |
| 22 | അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ -₹211401തടസ്സപ്പെടുത്തുന്നു | 1-18 |
| 23 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല | 1-19 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ - രേഖകൾ ഹാജരാക്കിയില്ല- ₹188000 തടസ്സപ്പെടുത്തുന്നു | 1-20 |
| 25 | അങ്കണവാടികളിലേക്കുള്ള ഹാർഡ് വുഡ് ഡെസ്ക്കുകളും ഹാർഡ് വുഡ് ബഞ്ചുകളും ലഭ്യമായിട്ടില്ല - ₹250000 തടസ്സപ്പെടുത്തുന്നു | 1-21 |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ് | 1-22 |

| | | |
|---|---|---|
| 27 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 28 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല | 1-24 |
| 29 | പി.എച്ച്.സി.കണ്ടക്കടവ്-മരുന്നുകൾ ലഭ്യമായില്ല | 1-25 |
| 30 | വി.ഇ.ഒ.യുടെ പേരിലുള്ള ഇ.എം.എസ്.ഭവന പദ്ധതി ബാങ്ക് അക്കൗണ്ടിൽ 30 ലക്ഷത്തിലധികം രൂപ നീക്കിയിരിപ്പ് | 1-26 |
| 31 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായുള്ള പ്രൊജക്ടുകൾ-ചെലവു രേഖകൾ ഹാജരാക്കാത്തത്-മറ്റ് അപാകതകൾ | 1-27 |
| 32 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-28 |
| 33 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-29 |
| 34 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1.** കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **28.05.2025 ലെ 2(1)-ാം** നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **29.05.2025-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചെല്ലാനം** ഗ്രാമപഞ്ചായത്തിന്റെ 31 മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**2.** C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3.** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി : 11.07.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/(decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 67,71,128/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,02,926/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 ബി-4 ഷെഡ്യൂളിലെയും ബി-17 ഷെഡ്യൂളിലെയും നീക്കിയിരിപ്പുകൾ തമ്മിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക B-17 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ നിക്ഷേപിച്ചിരുന്ന അക്കൗണ്ട് (അക്കൗണ്ട് നം. 799011400001615) നീക്കിയിരിപ്പ് 0.00 ആണ്. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 30.03.2024 ൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 2019642/- രൂപ സർക്കാരിലേക്ക് ട്രഷറി റിസംഷൻ ആയിട്ടുണ്ട്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൌണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം 320700105 – സംയുക്ത പ്രോജക്ട് - ജില്ലാ പഞ്ചായത്ത് വിഹിതം 1548940/-, 320700204 - സംയുക്ത പ്രോജക്ട് - ബ്ലോക്ക് പഞ്ചായത്ത് വിഹിതം 470702/- വീതം (ആകെ 2019642/-) നീക്കിയിരിപ്പുണ്ട്.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 07.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 10.02.2025 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | 07.02.2024-ലെ 1 നമ്പർ തീരുമാന പ്രകാരം | 10.02.2025ലെ 1 നമ്പർ തീരുമാന പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,90,04,644.00 | 3,90,04,644.00 |
| വരവ് | 26,54,77,650.00 | 36,81,16,135.00 |
| ആകെ | 30,44,82,294.00 | 40,71,20,779.00 |
| ചെലവ് | 29,81,84,650.00 | 37,28,85,321.00 |
| നീക്കിയിരിപ്പ് | 62,97,644.00 | 3,42,35,458.00 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 5,56,32,746.83 |
| വരവ് | 10,76,33,704.00 |
| ആകെ | 16,32,66,450.83 |
| ചെലവ് | 10,08,62,576.00 |
| നീക്കിയിരിപ്പ് | 6,24,03,874.83 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 50118000 (*) | 50118000 | 43890788 (**) | 6227212 | 0 | (*) GO Project-₹3973040/- (**) Capital Contribution-₹2046383/- |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5845000 | 5845000 | 3415224 | 2429776 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1302000 | 1302000 | 1113006 | 188994 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7673000 | 7673000 | 6658151 (*) | 1014849 | 0 | (**) Capital Contribution–₹301956/- |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) (Basic Grant) | 10571994 | 8444843 +1088793 =9533636 (*) | 20105630 | 7682221 (*) | 0 | 12423409 | (*) Interest–1088793 (**) Capital Contribution–₹5823040/- Bank Charges-94 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 464975 | 464975 | 251212 | 213763 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 19215554 | 18658000 | 37873554 | 10521830 (*) | 0 | 27351724 | (**)Capital Contribution–₹8618555/- |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 512791 | 512791 | 32977 | 479814 | 0 | |
| 320100196 ഐ.സി.ഡി.എസ്. | 5042865 | 2279961 | 7322826 | 396990 | 0 | 6925836 | |
| 320100108 ബി.എസ്.യു.പി | 2163774 | 60282 | 2224056 | 0 | 0 | 2224056 | |
| 320100152 മറ്റ് സ്കീമുകൾ | 0 | 394656 | 394656 | 394656 | 0 | 0 | |
| 320100160 റൂറൽ ഹൗസിങ്ങ് ഫോർ ഓൾ | 4121823 | 3080000 | 7201823 | 6790000 | 0 | 411823 | |
| 320100181 ടോട്ടൽ സാനിറ്റേഷൻ | 12000 | 0 | 12000 | 0 | 0 | 12000 | |
| 320100200 ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 23761 | 0 | 23761 | 0 | 0 | 23761 | |
| 320100999 മറ്റ് ബാധ്യതകൾ | 78659.32 | 2192 | 80851.32 | 0 | 0 | 80851.32 | |
| 320100197 ലിറ്ററസി ഗ്രാന്റ് | 0.50 | 0 | 0.50 | 0 | 0 | 0.50 | |
| 320100198 ശുചിത്വ മിഷൻ | 1496681 | 0 | 1496681 | 252900 | 0 | 1243781 | |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 1396471 | 526597 | 1923068 | 0 | 0 | 1923068 | |
| 320100203 ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് ലെസ്സ് സബ് സെന്റർ | 6419794 | 201986 | 6621780 | 6349500 | 0 | 272280 | |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് സെന്റർ | 679554 | 765996 | 1445550 | 183253 | 0 | 1262297 | |
| 320100145 ബഡ്സ് ഗ്രാന്റ് | 417921 | 639332 | 1057253 | 7353 | 0 | 1049900 | |
| 320200211 ജനറൽ എഡ്യുക്കേഷൻ-ക്യാപ്പിറ്റൽ | 32484 | 0 | 32484 | 0 | 0 | 32484 | |
| 320200205 സാമൂഹ്യ നീതി-ക്യാപ്പിറ്റൽ | 34862 | 0 | 34862 | 0 | 0 | 34862 | |
| 320200299 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-അദർ പർപ്പസ് – ബഡ്സ് സ്ക്കൂൾ& ദുരന്ത നിവാരണം | 1000000 | 0 | 1000000 | 0 | 0 | 1000000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 320300199 അദർ ഗവ. ഏജൻസീസ് | 40912 | 0 | 40912 | 0 | 0 | 40912 | |
| 320200304 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 1225000 | 0 | 1225000 | 0 | 0 | 1225000 | |
| 320400199 മറ്റ് ധനകാര്യ സ്ഥാപനം | 100000 | 0 | 100000 | 100000 | 0 | 0 | |
| 320800199 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ക്യാപ്പിറ്റൽ | 500000 | 0 | 500000 | 473080 | 0 | 26920 | |

(കുറിപ്പ് – മുൻ വർഷം കെ.എസ്.ഇ.ബിക്ക് അധികം നൽകിയ 201852/-രൂപ തൻവർഷം സുലേഖയിൽ ചെലവാക്കി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല).

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 279 | ₹27,01,06,268 | ₹10,79,13,899 | 124 | 122 | 33 | 44% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2,635/- | 12,62,329/- | 12,64,964/- | 11,87,834/- | 77,130/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2,41,21,166/- | 2,41,21,166/- | 2,41,21,166/- | 0 |
| ആകെ | 2,635/- | 2,53,83,495/- | 2,53,86,130/- | 2,53,09,000/- | 77,130/- |

## 1-7 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 17,76,000 | 106 |
| 2 | വിധവാ പെൻഷൻ | 1,68,51,000 | 1120 |
| 3 | വാർധക്യകാല പെൻഷൻ | 5,79,50,200 | 4253 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 26,87,400 | 167 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 50,39,300 | 331 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 16.06.2025 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 31 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1. പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല.

**2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല:**

ഗ്രാമപഞ്ചായത്തിന്റെ 1999-2000 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**3. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്**

ചെല്ലാനം ഗ്രാമപഞ്ചായത്തിനെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി റിക്കാർഡ് റൂം വൃത്തിയാക്കി ഫയലുകൾ ബയന്റ് ചെയ്ത് ക്രമീകരിക്കുന്നതിനായി 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 7 പേരെ നിയോഗിക്കുകയും ടി വ്യക്തികൾക്ക് പ്രവൃത്തി ചെയ്തതിന് പ്രതിഫലമായി 98150/-രൂപ നൽകുകയും ചെയതു. മുൻകാല ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ടതിന് ശേഷം പുതിയ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## 1-10 FACTEOS ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(1)(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 60 ദിവസം തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ FACTEOS ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, FACTEOS ലൈസൻസ് ലഭിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നുണ്ടെന്ന് കാണുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ക്രാഫ്റ്റർ ഇന്റീരിയർസ്, കളത്ര | 6/2024-25 | 7 |
| 2 | എ.സി.പി വുഡ്സ്, കളത്ര | 21/2024-25 | 12 |
| 3 | മാർഷൽ എന്റർപ്രൈസസ്, കണ്ടക്കടവ് | 229/2024-25 | 16 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി. 17.06.2025) ടി

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം രേഖാകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പരിശോധനയ്ക്കിടെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ രേഖപ്പെടുത്തുന്ന ജീവനക്കാരുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതാത് വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 പഞ്ചായത്ത് വക കടമുറികളുടെ വാടക-വൻ തുക കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു**

1. 2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക, കെട്ടിട വാടക രജിസ്റ്റർ, ഫയലുകൾ, പണമൊടുക്ക് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് വക കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ തൻവർഷം 1,95,170/- രൂപ കുടിശ്ശിക ഈടാക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കടമുറി | വാടകക്കാരന്റെ പേര് | തൻവർഷം ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഗൊണ്ടുപറമ്പ് മാർക്കറ്റ് സെന്റർ കടമുറി-1 | രവിചന്ദ്രൻ, കളത്തുംമുറി, ചെല്ലാനം പി.ഒ | 66,000 | 9010 | 56,990 |
| 2 | ഗൊണ്ടുപറമ്പ് മാർക്കറ്റ് സെന്റർ കടമുറി-2 | സനൽകുമാരൻ, ചാലുകത്തറ, എഴുപുന്ന പി.ഒ | 66,000 | 9010 | 56,990 |
| 3 | ഗൊണ്ടുപറമ്പ് മാർക്കറ്റ് സെന്റർ കടമുറി-3 | എ.പി തോമസ്, അഴിതാക്കൽ, ചെല്ലാനം പി.ഒ | 66,000 | 9010 | 56,990 |
| 4 | ഗൊണ്ടുപറമ്പ് മാർക്കറ്റ് സെന്റർ ഫിഷ് സ്റ്റാൾ | കുഞ്ഞുമോൾ, തയ്യിൽ, നോർത്ത് ചെല്ലാനം പി.ഒ | 46,900 | 22,700 | 24,200 |
| ആകെ | | | | | 1,95,170 |

പഞ്ചായത്ത് വക കെട്ടിട മുറികളിലെ വാടക കുടിശ്ശിക ഇനത്തിൽ 2023-24 വരെ ഉണ്ടായിരുന്ന 2,13,580/- രൂപയിൽ ആകെ 27,239/- രൂപ മാത്രമാണ് 2024-25 സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുള്ളത്. ആയത് കിഴിച്ച്, കുടിശ്ശിക ഇനത്തിൽ 1,86,341/- രൂപയും മേൽ പട്ടിക പ്രകാരം തൻവർഷം പിരിച്ചെടുക്കാതിരുന്ന 1,95,170/- രൂപയും അടക്കം 3,81,511/- രൂപയാണ് പഞ്ചായത്ത് വക കെട്ടിട മുറികളുടെ വാടക ഇനത്തിൽ 2024-25 വർഷത്തെ ആകെ കുടിശ്ശിക. കുടിശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി.17.06.2025) വാടക പിരിച്ചെടുക്കുന്നതിന് യഥാസമയം നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കുടിശ്ശിക തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. 15.02.2024 തീയതിയിലെ SC3-651/2024 നമ്പർ ലേലം/ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലേലം

കൊള്ളുന്നവർ 3 മാസത്തെ വാടകയും 18 % GST യും അടക്കമുള്ള തുക മുൻകൂർ ഡെപ്പോസിറ്റായി അടക്കണം എന്ന് നിബന്ധന വച്ചിരുന്നു. ടി നിബന്ധന വാടക കരാറിൽ ഉൾപ്പെടുത്തുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീ.17.06.2025) ഇത് സംബന്ധിച്ച് വീഴ്ച സംഭവിച്ചതായും നിബന്ധന കരാറിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. മറുപടി തൃപ്തികരമല്ല. പഞ്ചായത്ത് വക കെട്ടിടമുറി വാടക ഇനത്തിൽ തൻവർഷം 1,95,170/- രൂപയാണ് കുടിശ്ശികയുള്ളത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ഈടാക്കിയിരുന്നെങ്കിൽ ടി തുകയെങ്കിലും കണ്ടുകെട്ടാമായിരുന്നു. ആയതിനാൽ ഭാവിയിൽ ലേലം സംബന്ധിച്ച് പ്രധാന നിബന്ധനകൾ എല്ലാം വാടക കരാറിൽ ഉൾപ്പെടുത്തേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ഈടാക്കി എന്ന് ഉറപ്പു വരുത്തേണ്ടതും വാടകക്കാരൻ വാടക കുടിശ്ശിക വരുത്തിയാൽ ആയത് യഥാസമയം കണ്ടുകെട്ടേണ്ടതുമാണ്.

3. ഗൊണ്ടുപറമ്പ് മാർക്കറ്റ് സെന്റർ കടമുറി-1 ലേലം കൊണ്ട ശ്രീ.രവിചന്ദ്രൻ, കളത്തുംമുറി, ചെല്ലാനം പി.ഒ എന്നയാളുമായുള്ള കരാർ ഫയലിലുണ്ടെങ്കിലും ആയതിൽ ഇരു പാർട്ടികളും ഒപ്പുവച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീ.17.06.2025) കരാറിൽ ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മറുപടി തൃപ്തികരമല്ല. കാലാവധി കഴിഞ്ഞ കരാറിൽ ഒപ്പുവയ്ക്കുന്നതെന്തിനെന്ന് വ്യക്തമല്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ, ചട്ടം 7(2) പ്രകാരമുള്ള ഫോറം III ലെ നിബന്ധനകൾക്കും അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്തിന് ടിയാളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടി വന്നാൽ ആയതിന് പരിമിതികൾ ഉണ്ടാവുന്നതാണ്. ആയതിനാൽ പഞ്ചായത്ത് വക കെട്ടിടങ്ങൾ, ചാൽ മുതലായവ ലേലം കൊള്ളുകയോ വാടകയ്ക്ക് നൽകുകയോ ചെയ്യുമ്പോൾ യഥാസമയം കരാർ ചമയ്ക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-12 വസ്തു നികുതി - കുടിശിക ഈടാക്കേണ്ടതാണ്**

2024-25 സാമ്പത്തിക വർഷത്തിലെ സഞ്ചയ രേഖകൾ പ്രകാരം സക്കീന അബൂബക്കർ, പുളിക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 1/266 A നമ്പർ കെട്ടിടത്തിന് 44,783/- രൂപയും, 1/266 B നമ്പർ കെട്ടിടത്തിന് 26,009/- രൂപയും അടക്കം ആകെ 70,792/- രൂപ (ഗ്രന്ഥശാലാവരി ഉൾപ്പടെ) 2021-22 സാമ്പത്തിക വർഷം മുതൽ കുടിശ്ശികയുണ്ട്. കുടിശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീയതി.18.06.2025) ടിയാളുടെ ഉടമസ്ഥതയിലുള്ള 1/266 A, B, C എന്നീ മൂന്ന് കെട്ടിടങ്ങളിലെ വസ്തു നികുതി ഈടാക്കുന്നതിനായി 2021-22 മുതൽ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായും കുടിശിക ഇനത്തിൽ 59,861/- രൂപ കൂടി പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായും മറുപടി ലഭ്യമാക്കി. മൂന്ന് കെട്ടിടങ്ങളിലെ തൻ വർഷത്തെ വസ്തു നികുതി 25,142/- രൂപയും കുടിശിക 59,861/- രൂപയും അടക്കം ആകെ 85,003/- രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 പഞ്ചായത്ത് വക ചാൽ ലേലം - വൻ തുക കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**

1. 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക, പഞ്ചായത്ത് വക ചാൽ ലേലം രജിസ്റ്റർ, ഫയലുകൾ, പണമൊടുക്ക് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് അധീനതയിലുള്ള വിവിധ ചാലുകൾ ലേലം ചെയ്ത വകയിൽ തൻ വർഷം 4,84,177/- രൂപ

പിരിച്ചെടുത്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ചാൽ | ലേലം കൊണ്ടയാളുടെ പേര് | ലേലം കൊണ്ട തുക | ഈടാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | പരുത്തിതോട് ചാൽ | വിജിൻ എം.ജി, മാളികപ്പറമ്പ്, മരട് പി.ഒ | 6,15,555 | 4,10,378 | 2,05,177 |
| 2 | ചക്കര ചാൽ | ആന്റെണി ജോമോൻ, അരിവീട്ടിൽ, ചെല്ലാനം പി.ഒ | 5,58,000 | 2,79,000 | 2,79,000 |
| ആകെ കുടിശ്ശിക | | | | | 4,84,177 |

2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പ്രകാരം പഞ്ചായത്ത് വക ചാൽ ലേലം കുടിശ്ശിക ഇനത്തിൽ മുൻ വർഷം വരെ 1,04,46,154/- രൂപ കുടിശ്ശിക ഉള്ളതായും ഇതിൽ 2024-25 സാമ്പത്തിക വർഷം 10,16,500/- രൂപ പിരിച്ചെടുത്തിട്ടുള്ളതായും ബാക്കി 94,29,654/- രൂപ 2024-25 സാമ്പത്തിക വർഷാവസാനം കുടിശ്ശിക ഉള്ളതായും കാണുന്നു. ഇതിനു പുറമെയാണ് തൻ വർഷം 4,84,177/- രൂപ കൂടി കുടിശ്ശിക വരുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.18.06.2025) മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് എന്ന നിലയിൽ ഈയിനത്തിൽ നിരന്തരം കുടിശ്ശിക വരുത്തുന്നത് അഭികാമ്യമല്ല. മുൻ വർഷങ്ങളിലും ഇതുസംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടായിട്ടുപോലും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. 2024-25 സാമ്പത്തിക വർഷം വരെ പഞ്ചായത്ത് വക ചാൽ ലേലം ഇനത്തിൽ കുടിശ്ശികയുള്ള തുകയുടെ വിശദവിവരങ്ങളും ആയതിന്മേലുള്ള കോടതി വ്യവഹാരങ്ങൾ, റവന്യു റിക്കവറി നടപടികൾ എന്നിവയുടെ നിലവിലെ സ്ഥിതിയും രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

2024-25 വർഷത്തെ പഞ്ചായത്ത് വക ചാൽ ലേല തുകയുടെ ഡി.സി.ബി പ്രകാരം തൻ വർഷം 27,02,455/- രൂപ ഡിമാന്റും 22,18,776/- രൂപ കളക്ഷനും 4,83,677/- രൂപ കുടിശ്ശിക എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2024-25 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-4) ഡിമാന്റ് 27,02,455/- രൂപ എന്നും റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ (RP-45) കളക്ഷൻ 18,61,000/- രൂപ എന്നും കാണുന്നു. ആയത് പ്രകാരം 8,41,455/- രൂപയാണ് ലേലതുക ഇനത്തിൽ ബാലൻസ് ഷീറ്റ് (B-15) പ്രകാരം കാണേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് (B-15) പ്രകാരം തൻ വർഷം ലേലതുക കുടിശ്ശിക 4,83,677/- രൂപയാണ്. ധനകാര്യ പത്രികയിലെയും ഡി.സി.ബി യിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കൂടാതെ 2024-25 വർഷത്തെ പഞ്ചായത്ത് വക ചാൽ ലേല തുകയുടെ ഡി.സി.ബി പ്രകാരം 1,04,46,154/- രൂപ മുൻ വർഷ കുടിശ്ശിക ഡിമാന്റുള്ളതായും ആയതിൽ 18,61,000/- രൂപ തൻ വർഷം പിരിച്ചെടുത്തതായും ബാക്കി 85,85,154/- രൂപ മുൻ വർഷ കുടിശ്ശിക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2024-25 വർഷത്തെ ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് (B-15) പ്രകാരം ആകെ മുൻ വർഷ കുടിശ്ശിക 94,29,654/- രൂപ എന്നാണ് കാണുന്നത്. ധനകാര്യ പത്രികയിലെയും

ഡി.സി.ബി യിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.18.06.2025) മറുപടി ലഭിച്ചില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്ന രീതിയിൽ ധനകാര്യ പത്രിക, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കേണ്ടതാണ്. കുടിശിക ഇനത്തിൽ ഈടാക്കാനുള്ള കൃത്യമായ തുക തിട്ടപ്പെടുത്തി ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 വസ്തുനികുതി പിരിവ്- ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല- അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പിക്കാനാവുന്നില്ല**

24.05.2017 ലെ സർക്കാർ ഉത്തരവ് നം.1699/2017/ത.സ്വ.ഭ.വ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓഫീസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 6.5.13(vi) പ്രകാരം അതാത് ദിവസത്തെ ഔട്ട്ഡോർ കളക്ഷൻ വിവരങ്ങൾ ക്ലർക്കുമാർ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും മെയിൻ ഓഫീസ് കാഷ്യർ രശീതി ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തിയതിനുശേഷം തുക ഫ്രണ്ട് ഓഫീസിൽ അടച്ച്, ആയതിന്റെ രശീതി ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ പതിക്കുകയും വേണം എന്ന് നിഷ്കർഷിക്കുന്നു.
ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ വസ്തുനികുതി ഔട്ട്ഡോർ കളക്ഷൻ രശീതിബുക്ക്, ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ, പണമൊടുക്ക്, രശീതിബുക്ക് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ക്ലർക്കുമാർ താഴെ പറയും പ്രകാരം രശീതി ബുക്കുകൾ ഉപയോഗിച്ച് നികുതി പിരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | രശീതി ബുക്ക് നമ്പർ | ആകെ ഉപയോഗിച്ച രശീതികളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | രാജലക്ഷ്മി ആർ (JC1) | 2626, 39960 | 138 | |
| 2 | ദീപ്തി ജോസഫ് (JC2) | 2627, 39954, 39959 | 224 | |
| 3 | അശ്വതി പി.എസ് JC3) | 2628, 39955 | 159 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 39955 നമ്പർ രശീതി ബുക്ക് ഇഷ്യൂ ചെയ്തിട്ടുള്ളത് അശ്വതി പി.എം നാണ് |
| 4 | അശ്വതി പി.എം (JC4) | 2629, 39947, 39956 | 222 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 39956 നമ്പർ രശീതി ബുക്ക് ഇഷ്യൂ ചെയ്തിട്ടുള്ളത് അശ്വതി പി.എസിനാണ് |

ഇവർ പണമായി പിരിച്ചെടുത്ത തുകകൾ ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും ആയതിന്റെ രശീതി ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ പതിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിരിച്ചെടുത്ത ഓരോ രശീതിന്റെയും വിവരങ്ങൾ (നികുതി, ഗ്രന്ഥശാലാവരി, പിഴപലിശ തുടങ്ങിയവ) ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ മെയിൻ

ഓഫീസ് കാഷ്യർ ആകെ തുക രശീതി ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വസ്തുനികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയുടെയും ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തുകയുടെയും ആധികാരികത വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീ.18.06.2025) ക്ലർക്കുമാർ പിരിച്ചെടുക്കുന്ന തുക കാഷ്യറെ ബോധ്യപ്പെടുത്തിയ ശേഷം ILGMS ൽ ഡിമാന്റ് ചെയ്താണ് ഫ്രണ്ട് ഓഫീസിൽ അടക്കുന്നതെന്നും അതത് ദിവസം ILGMS ൽ അപ്ഡേറ്റ് ചെയ്യുന്ന വിവരങ്ങൾ ഡേബുക്കിൽ ലഭ്യമാണെന്നും മറുപടി നൽകി. അതാത് ദിവസത്തെ ഔട്ട്ഡോർ കളക്ഷൻ വിവരങ്ങൾ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തുകയും കാഷ്യർ രശീതി ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തിയതിനുശേഷം മാത്രം തുക ഫ്രണ്ട് ഓഫീസിൽ അടച്ച് രശീതി ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ പതിക്കുകയും വേണം. രശീതിബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് 9 ൽ പ്രിയ സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി.19.06.2025) പ്രസ്തുത സ്ഥാപനത്തിന് 23.12.2024 ൽ കത്ത് നൽകിയതനുസരിച്ച് 10.02.2025 തീയതിയിൽ ലൈസൻസ് അപേക്ഷ ലഭിക്കുകയും സ്ഥാപനം സ്ഥിതി ചെയ്യുന്ന 9/209E, F എന്നീ കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ആയത് കൊണ്ട് ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ടി കെട്ടിടങ്ങൾ പൊളിച്ച് കളഞ്ഞ് പുതിയ വാണിജ്യ കെട്ടിടങ്ങൾ പണിതിട്ടുണ്ടെന്നും ആയതിന്റെ ക്രമവത്കരണ അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

സ്ഥാപനം നിലവിലും ടി കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതായി അറിയുന്നു. പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപാണ് ലൈസൻസിനായി അപേക്ഷിക്കേണ്ടത്. കൂടാതെ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ നടക്കുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടത് വാർഡ് ക്ലർക്കുമാരുടെ ചുമതലയാണ്. പ്രത്യേകിച്ചും തീരദേശ നിയന്ത്രണ മേഖല നിലനിൽക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ ഇതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അനുമതി ഇല്ലാത്ത കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച കെട്ടിടം ചട്ടവിരുദ്ധമായി ക്രമവത്കരിച്ച് നികുതി നിർണ്ണയിച്ചു

2024-25 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ, പണമൊടുക്ക് എന്നിവ പരിശോധിച്ചതിൽ, ലത വി. ധോലകിയ, സ്റ്റാർ ബ്രൈറ്റ്, ചുള്ളിക്കൽ, തോപ്പുംപടി എന്ന വ്യക്തി 287.46 ച.മീ. വിസ്തൃതിയുള്ള റിസോർട്ട് നിർമ്മാണം ക്രമവത്കരിക്കുന്നതിന് 04.06.2024 തീയതിയിൽ 2652/24 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും കൊച്ചി താലൂക്ക് കുമ്പളങ്ങി വില്ലേജിലെ സർവേ നം. 379/5 ൽ പെട്ട 1 ഹെക്ടർ 26 ആർ സ്ഥലത്ത്

നിലനിൽക്കുന്ന കെട്ടിടം തീരദേശ പരിപാലന നിയമ പ്രകാരം കടൽത്തീരവുമായി നിർദ്ദിഷ്ട അകലം പാലിക്കാത്തതിനാൽ അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനത്തിന് അയക്കാൻ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 2011ലെ തീരദേശ പരിപാലന നോട്ടിഫിക്കേഷൻ പ്രകാരം തീരദേശ പരിപാലന നിയമ പ്രകാരമുള്ള മേഖലയിൽ പെടുന്ന കെട്ടിട നിർമ്മാണത്തിന് മുൻകൂർ അനുമതി ആവശ്യമാണെന്നുള്ള 20.04.2024 തീയതിയിലെ B3/53/2024-Envt നമ്പർ സർക്കുലറിലെയും ടി മേഖലയിലെ 31.12.2023 ന് ശേഷമുള്ള കെട്ടിട നിർമ്മാണ ക്രമവത്കരണ അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന 10.05.2024 തീയതിയിലെ 389/A1/2022/KCZMA നമ്പർ കത്തിലെയും നിർദ്ദേശ പ്രകാരം അപേക്ഷയിൻമേൽ തുടർനടപടികൾ സ്വീകരിക്കാനാകില്ല എന്ന് ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.06.2024 തീയതിയിലെ 400621/BPRL03/GPO/2024/2652/(1) നമ്പർ കത്ത് മുഖേന അപേക്ഷകനെ അറിയിച്ചിരുന്നതാണ്.

എന്നാൽ, ആയതിന് ശേഷം 25.06.2024 തീയതിയിലെ 1240500487 നമ്പർ രശീതി പ്രകാരം 48,760/- രൂപ പെർമിറ്റ്/ക്രമവത്കരണ ഫീസിനത്തിൽ അപേക്ഷകനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. സഞ്ചയ രേഖകൾ പരിശോധിച്ചതിൽ നിന്നും ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ലത വി. ധോലകിയ, സ്റ്റാർ ബ്രൈറ്റ്, ചുള്ളിക്കൽ, തോപ്പുംപടി എന്നവരുടെ പേരിൽ 12/354 A (Building ID: 50665010013937) കെട്ടിട നമ്പർ നൽകി ആയതിന് 2024 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. പാർപ്പിടാവശ്യം-റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 243.8 ച.മീ. അളവിലുള്ള കെട്ടിടത്തിന് 99.75/-രൂപ നിരക്കിൽ ആകെ 29,183/-രൂപ (വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് ഉൾപ്പടെ) വാർഷിക വസ്തുനികുതി ചുമത്തിയിട്ടുണ്ട്. കൂടാതെ പെർമിറ്റ് തീയതി 01.07.2024 എന്നും പെർമിറ്റ് നമ്പർ SC4 BA 219653/2024 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ 01.07.2024 തീയതിയിലെ ഉത്തരവ് നം.SC4-BA(219653)/2024 പ്രകാരം ക്രമവത്കരിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീ.19.06.2025) ടി അപേക്ഷകൻ 2652/24, 2653/24 എന്നീ നമ്പരുകൾ പ്രകാരം രണ്ട് കെട്ടിട ക്രമവത്കരണ അപേക്ഷകൾ നൽകിയിരുന്നു എന്നും ആയതിൽ 2652/24 പ്രകാരമുള്ള ക്രമവത്കരണ അപേക്ഷ നിശ്ചിത കടൽദൂരം പാലിക്കാത്തതിനാൽ നിരസിച്ചു എന്നും 2653/24 എന്ന നമ്പർ പ്രകാരമുള്ള ക്രമവത്കരണ അപേക്ഷ നിശ്ചിത കടൽദൂരം പാലിക്കുന്നുണ്ട് എന്ന ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം ഫീസ് ഈടാക്കി 01.07.2024 തീയതിയിലെ പെർമിറ്റ് നം.SC4-BA(219653)/2024 പ്രകാരം ക്രമവത്കരിച്ചു നൽകി എന്നും ആയതിന്റെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ 2652/24 പ്രകാരമുള്ള അപേക്ഷയുടെ നേർക്ക് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകി.

എന്നാൽ, മേൽ ക്രമവത്കരണ അനുമതി പ്രകാരം 12/354A നമ്പർ നൽകിയ കെട്ടിടം 2652/24 അപേക്ഷ പ്രകാരമുള്ള കെട്ടിടത്തിന് തൊട്ടടുത്തായി സർവേ നം. 379/2 ൽ സ്ഥിതി ചെയ്യുന്നതും ടി സ്ഥലവും അതിന് തൊട്ടു കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന സർവേ നം.400, 401 ൽ പെട്ട സ്ഥലങ്ങളും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ 2019, എറണാകുളം ജില്ലയിലെ മാപ്പ് നം.29 പ്രകാരം CRZ-II കാറ്റഗറിയിൽപ്പെടുന്നതുമാണ്. 01.07.2024 തീയതിയിലെ പെർമിറ്റ് നം.SC4-BA(219653)/2024 പ്രകാരം Regularisation Of New Construction Special Residential(243.8 Sqm) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019, ചട്ടം 25 പ്രകാരം ഗ്രൂപ്പ് -A2 ഒക്യുപൻസിയിൽ ആണ് Special Residential കെട്ടിടങ്ങൾ ഉൾപ്പെടുന്നത്. ചട്ടം 5(4) പ്രകാരം CRZ-II കാറ്റഗറിയിൽ ഉൾപ്പെട്ട സ്ഥലത്ത് 300 ച.മീ വരെയുള്ള ഗ്രൂപ്പ് -A1 ഒക്യുപൻസിയിൽ പെടുന്ന ഏകകുടുംബ വാസഗൃഹങ്ങൾക്ക് മാത്രമാണ് സെക്രട്ടറിക്ക് അനുമതി നൽകാൻ അനുവാദമുള്ളത് എന്നതിനാൽ മേൽപ്രകാരമുള്ള കെട്ടിടം ക്രമവത്കരിച്ചത് ചട്ടവിരുദ്ധമാണ്. ആയതിനാൽ കേരള

പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സ്ഥിര നിക്ഷേപ പലിശയിൽ നിന്നും ബാങ്ക് ആദായ നികുതി ടി.ഡി.എസ്.കുറവ് ചെയ്തു

ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വിവിധ ബാങ്കുകളിൽ 2024-25 വർഷം നിലവിലുള്ള സ്ഥിര നിക്ഷേപങ്ങളുടെയും സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ | നിക്ഷേപിച്ച തുക/തീയതി | കാലയളവ്/ നിരക്ക് | മച്യൂരിറ്റി തീയതി | മച്യൂരിറ്റി തീയതിയിൽ ലഭിച്ച തുക (മുതലും പലിശയും ഉൾപ്പെടെ) | ലഭിക്കേണ്ട പലിശ | ലഭിച്ച പലിശ | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | കേരള ബാങ്ക്, തോപ്പുംപടി 145418802200029 | 12,08,560/- 09.06.2023 | 1 വർഷം/ 7.25% | 09.06.2024 | 1287419 | 87621 | 78859 | 8762 |
| 2 | കേരള ബാങ്ക്, തോപ്പുംപടി 145418802200038 | 43,11,611/- 09.06.2023 | 1 വർഷം/ 7.25% | 09.06.2024 | 4592944 | 312592 | 281333 | 31259 |
| 3 | കേരള ബാങ്ക്, തോപ്പുംപടി 145418802200010 | 12,80,906/- 09.06.2023 | 1 വർഷം/ 7.25% | 09.06.2024 | 1364484/- | 92866 | 83578 | 9288 |
| 4 | ചെല്ലാനം സർവീസ് സഹകരണ ബാങ്ക് 3017 | 10,00,063/- 26.02.2024 | 1 വർഷം/ 9% | 26.02.2025 | 1090069/- | 90006 | 90006 | - |
| 5 | ചെല്ലാനം സർവീസ് സഹകരണ ബാങ്ക് 3018 | 10,21,876/- 26.02.2024 | 1 വർഷം/ 9% | 26.02.2025 | 1113845/- | 91969 | 91969 | - |
| | | | | ആകെ | 9448761/- | 675054/- | 625745/- | 49309 |

മേൽ പ്രകാരം 2024-25 വർഷം സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന പലിശയിൽ 49309/- രൂപയുടെ കുറവുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തീയതി.17.06.2025) ഗ്രാമപഞ്ചായത്തിന് അർഹമായ പലിശയിൽ നിന്നും ₹49309/- ആദായ നികുതി ടി.ഡി.എസ്.കുറവ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഇൻകം ടാക്സ് ആക്ട്, സെക്ഷൻ10(20) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ സ്ഥിര നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശയെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള ബാങ്കിൽ നിന്നും ടി.ഡി.എസ്.സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്ത് ടി.ഡി.എസ് റീഫണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.തുടർന്നുള്ള വർഷങ്ങളിൽ ടി.ഡി.എസ്. കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ആദായ നികുതി വകുപ്പിൽ നിന്നും ഇൻകംടാക്സ് എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബാങ്കിൽ ഹാജരാക്കേണ്ടതാണ്.

## 1-18 അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ -₹211401തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 249/25 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | ₹212000.00<br>( ₹200000.00 -വികസന ഫണ്ട്-ജനറൽ ,<br>₹12000.00- വനിത ശിശു വികസന വകുപ്പ് വിഹിതം) |
| ചെലവ് | ₹211401.00<br>( ₹199401.00 -വികസന ഫണ്ട്-ജനറൽ ,<br>₹12000.00 വനിത ശിശു വികസന വകുപ്പ് വിഹിതം) |
| ബിൽ നം./തീയതി | 615/02.03.2025<br>(₹199401/-)<br>₹12000.00<br>(ചെക്ക് നമ്പർ-150543/21.3.25) |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ മേൽ പ്രൊജക്ട് നിർവ്വഹണത്തിനായി ആകെ ₹211401.00 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹199401.00 (ഇൻവോയ്സ് നം.EKM/24-25/370 Dtd.19.03.2025), 16 സ്റ്റീൽ ടേബിളുകളും 12 സ്റ്റീൽ ക്യാബിനറ്റുകളും സിഡ്കോയിൽ നിന്നും വാങ്ങുന്നതിനായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള ₹12000.00 യുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന സ്റ്റീൽ ടേബിളുകളും സ്റ്റീൽ ക്യാബിനറ്റുകളും അങ്കണവാടികളിലേക്ക് നൽകുന്നതിനായി സിഡ്കോയിൽ നിന്നും ലഭ്യമായിട്ടില്ലായെന്നാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചത്. ഈ അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.06.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല.

16 സ്റ്റീൽ ടേബിളുകളും 12 സ്റ്റീൽ ക്യാബിനറ്റുകളും സിഡ്കോയിൽ നിന്നും അങ്കണവാടികളിലേക്ക് ലഭ്യമാക്കി അവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങളും ₹12000.00 യുടെ ചെലവ് രേഖകളും ലഭ്യമാക്കുന്നതു വരെ ആകെ ചെലവഴിച്ച തുക ₹211401.00 തടസ്സപ്പെടുത്തുന്നു.

## 1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S134/25 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹6,00,000/-(മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) |
| ചെലവ് | ₹6,00,000/- |
| മരുന്ന് വാങ്ങുന്നതിന് നൽകിയ തുകയുടെ ബിൽ നമ്പർ/തീയതി, തുക | 295/20.12.2024, ₹6,00,000/- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ഹോമിയോ |

പ്രൊജക്ട് പ്രകാരം 6,00,000/-രൂപ (യു.ടി.ആർ. നം. ആർബിഐ0102550844618, തീയതി. 20.12.24) മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നൽകി.സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PF-913, തീയതി. 19.12.24 പ്രകാരം തുക നൽകിയെങ്കിലും സ്റ്റോക്ക് രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ മരുന്നുകൾ ലഭിച്ചിട്ടില്ല. സ്ഥാപനവുമായി വെച്ച കരാറും ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/17.06.2025 ന് മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നു മറുപടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കരാർ ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കുന്നതു വരെ ₹6,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 വയോജനങ്ങൾക്ക് കട്ടിൽ - രേഖകൾ ഹാജരാക്കിയില്ല- ₹188000 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് നം. | 65/25 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | ₹600300/- ( വികസന ഫണ്ട് -ജനറൽ) |
| ആകെ ചെലവ് | ₹5,88000.00 |
| ബിൽ നം./തീയതി | 642/21.03.2025 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രോജക്ട് പ്രകാരം, സിഡ്കോയിൽ നിന്നും ₹5,88,000.00 ചെലവഴിച്ച് വാങ്ങിയ 147 ഹാർഡ് വുഡ് കട്ടിലുകളിൽ 100 എണ്ണത്തിന്റെ ഇൻവോയ്സ് (₹400000.00, ഇൻവോയ്സ് നം. EKM/24-25/330 തീയതി. 10.03.2025) മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കിയത്. ബാക്കിയുള്ള 47 കട്ടിലിന്റെ ഇൻവോയ്സും കട്ടിലുകൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.06.2025) ലഭ്യമാക്കിയ മറുപടിയിൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ആയതിനായി ചെലവഴിച്ച ₹188000.00 തടസ്സപ്പെടുത്തുന്നു.

**1-21 അങ്കണവാടികളിലേക്കുള്ള ഹാർഡ് വുഡ് ഡെസ്ക്കുകളും ഹാർഡ് വുഡ് ബഞ്ചുകളും ലഭ്യമായിട്ടില്ല - ₹250000 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് നം. | 251/25 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് ബേബി ബഞ്ച്, ബേബി ഡെസ്ക്. |
| ആകെ അടങ്കൽ തുക | ₹250000.00 (വികസന ഫണ്ട് -ജനറൽ) |
| ആകെ ചെലവ് | ₹250000.00 (വികസന ഫണ്ട് ) |

| ബിൽ നം./തീയതി | 643/21.03.2025 |
|---|---|

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം, സിഡ്കോയിൽ നിന്നും 81 ഹാർഡ് വുഡ് ഡെസ്ക്കുകളും, ബാക്ക് റെസ്റ്റോടുകൂടിയ 10 ഹാർഡ് വുഡ് ബഞ്ചുകളും വാങ്ങുന്നതിനായി ₹250000.00 (ഇൻവോയ്സ് നം.EKM/24-25/339 തീയതി. 11.03.2025) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അവയുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അങ്കണവാടികളിലേക്ക് നൽകുന്നതിനായി ഇവയൊന്നും തന്നെ ഇതുവരെയും സിഡ്കോയിൽ നിന്നും ലഭ്യമായിട്ടില്ലായെന്നാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നേരിൽ അറിയിച്ചത്. ഈ അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.06.2025) മറുപടിയായി മേൽപറഞ്ഞിരിക്കുന്ന അപാകതകളെക്കുറിച്ച് ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല.

മേൽ പ്രസ്താവിച്ച 81 ഹാർഡ് വുഡ് ഡെസ്ക്കുകളും ബാക്ക് റെസ്റ്റോടുകൂടിയ 10 ഹാർഡ് വുഡ് ബഞ്ചുകളും അങ്കണവാടികളിലേക്ക് ലഭ്യമാക്കി അവയുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കി ബോധ്യപ്പെടുത്തുന്നതുവരെ ആയതിനായി ചെലവഴിച്ച ₹250000.00 തടസ്സപ്പെടുത്തുന്നു.

## 1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം ആകെ 63 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ടെണ്ടറിനെ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ.(പി.)നം.3/2017/പി.ഡബ്ല്യു.ഡി./09.08.2017) ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ 0.5% ശതമാനം ഏറ്റവും കുറഞ്ഞത് 2,00,000/- രൂപയുടെ ഇൻഷ്വറൻസ് പോളിസി എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ. തൻവർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് കരാറുകാർ ഇൻഷ്വറൻസ് പോളിസികൾ എടുത്തതായി രേഖയില്ല. കരാറുകാരിൽ നിന്നും ഫൈൻ മാത്രം ഈടാക്കി പോരുന്ന പ്രവണതയാണ് കാണുന്നത്. അപ്രകാരം ഇൻഷ്വറൻസ് പോളിസി എടുപ്പിക്കാതെ പ്രവൃത്തികൾ ചെയ്തതിന്റെ സാഹചര്യം വ്യക്തമാക്കാൻ താല്പര്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.18/19.06.25ന് മറുപടി ലഭ്യമാക്കിയില്ല.

കരാറുകാരന്റെയൊ അവരുടെ ഏജന്റുമാരുടെയൊ അശ്രദ്ധ കാരണം നിയമം ചുമത്തുന്ന ബാധ്യതയ്ക്ക് പുറമേ വ്യക്തികൾക്ക് പരിക്ക്, മരണം അല്ലെങ്കിൽ വസ്തുവകകൾക്ക് നാശം എന്നിവ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുവാൻ ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിലൂടെ സാധിക്കുന്നതാണ്. ആയതിനാൽ സർക്കാർ നിർദ്ദേശാനുസരണം പ്രവൃത്തി ആരംഭിക്കുമ്പോൾ തന്നെ കരാറുകാർ മേൽ പ്രവർത്തിയുടെ ഇൻഷ്വറൻസ് പോളിസി എടുത്തു എന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ട് ഫയൽ, രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതു പ്രകാരം, ലൈഫ് ഭവന നിർമ്മാണത്തിനായി ലൈഫ്ഭവന പദ്ധതി (ജനറൽ), ലൈഫ്ഭവന പദ്ധതി (എസ്.സി.) എന്നീ പ്രൊജക്ടുകൾ മുഖേന തുക കൈപ്പറ്റിയ താഴെ ചേർക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാതെ നിലനിൽക്കുന്നതായി

കാണുന്നു.

**1.ലൈഫ്ഭവന പദ്ധതി (ജനറൽ)**

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ അഡ്വാൻസ് തുക(₹) /തീയതി | അവസാനം കൈപ്പറ്റിയ തുക(₹) /തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | ഫിലോമിന നടുവിലവീട്ടിൽ | 40,000.00 30.12.2021 | 50000 25.02.2023 | 350000 |
| 2. | മേരി ഹെലൻ, അഞ്ചുതൈക്കൽ, ചെല്ലാനം. | 40,000.00 20.01.2022 | 50000 25.02.2023 | 350000 |
| 3. | മേരി സുനിത, കുരിശിങ്കൽ, ചെല്ലാനം. | 40,000.00 25.06.2022 | 50000 31.07.2024 | 350000 |
| 4. | ജാസ്മിൻ ജോസഫ്, പുളിക്കൽ, കണ്ണമാലി. | 40,000.00 31.03.2022 | 50000 29.01.2024 | 350000 |
| 5. | സീന കരീത്തറ വീട്, കണ്ണമാലി | 40,000.00 31.03.2022 | 50000 06.02.2023 | 350000 |
| 6. | മേരി ഗ്രേസ്, അഞ്ചുതൈക്കൽ, ചെല്ലാനം. | 40,000.00 31.03.2022 | 50000 28.06.2024 | 350000 |
| 7. | മേഴ്സി കെ.എഫ്., കല്ലുവീട്ടിൽ, ചെല്ലാനം. | 40,000.00 25.06.2022 | 60000 20.03.2024 | 200000 |
| 8. | എലിസബത്ത് ജെസ്റ്റിൻ, അഞ്ചുതൈക്കൽ, ചെല്ലാനം. | 40,000.00 15.07.2022 | 100000 07.01.2023 | 300000 |
| 9 | ലില്ലി ചാക്കോ ജോസഫ്, ജേർസൻ, കുരിശിങ്കൽ, ചെല്ലാനം. | 40,000.00 10.03.2023 | 50000 28.10.2023 | 350000 |
| 10 | ലിസി ചാർലി & ലീനപ്പൻ ചാർലി | 40,000.00 28.03.2023 | 50000 28.06.2024 | 350000 |
| 11 | മേരി ഗ്രേസി ജോർജ്ജ്, ആലുംപറമ്പിൽ, ചെല്ലാനം. | 40,000.00 28.12.2023 | 50000 07.08.2024 | 350000 |
| 12 | എലിസബത്ത് കെ.റ്റി, കൊന്നോത്ത് ഹൗസ്, കണ്ണമാലി. | 40,000.00 09.02.2021 | 50000 03.09.2022 | 400000 |
| 13 | മാർത്ത പൊള്ളയിൽ, ചെല്ലാനം | 40,000.00 25.03.2021 | 60000 01/2022 | 300000 |
| 14 | ട്രീസ വർഗീസ്, അരേശ്ശേരി, കണ്ടക്കടവ് | 40,000.00 23.01.2021 | 50000 22.06.2022 | 350000 |
| 15 | ലീലാമ്മ അലോഷ്യസ്, പറേകാട്ടിൽ വീട്, ചെല്ലാനം. | 40,000.00 17.02.2021 | 50000 31.03.2022 | 350000 |
| 16 | ത്രേസ്യ ജോബ്, പുന്നക്കൽ വീട്, സൗത്ത് ചെല്ലാനം. | 40,000.00 07.10.2021 | 50000 25.08.2023 | 350000 |
| 17 | റോസ്മേരി | 40,000.00 | 50000 | 350000 |

| | | | | |
|---|---|---|---|---|
| | ജോൺസൺ, നടുവിലമുറി, ചെല്ലാനം. | 25.03.2021 | 11.08.2022 | |
| 18 | ഗീത യേശുദാസ് ആന്റണി, നിവർത്തിൽ ഹൗസ്, സൗത്ത് ചെല്ലാനം. | 40,000.00<br>29.03.2021 | 50000<br>16.06.2023 | 350000 |
| 19 | എലിസബത്ത് മീനു പി.എ., കുട്ടപ്പശ്ശേരി, ചെല്ലാനം. | 40,000.00<br>06.11.2021 | 50000<br>28.10.2023 | 350000 |
| 20 | റീന ഷാജി, അറയ്ക്കൽ വീട്, പുത്തൻതോട്. | 40,000.00<br>30.12.2021 | 50000<br>28.10.2023 | 350000 |
| 21 | റൊസാരി വർഗീസ്, പറയക്കാട്ടിൽ, ചെല്ലാനം. | 40,000.00<br>31.12.2021 | 50000<br>14.08.2023 | 350000 |
| 22 | മേരി ജോയ്സി, തറേപ്പറമ്പിൽ, ചെല്ലാനം. | 40,000.00<br>16.03.2022 | 50000<br>03.12.2022 | 250000 |
| 23 | എലിസബത്ത് കെ.ആർ., മുരിക്കുംതറ, ചെല്ലാനം | 40,000.00<br>30.12.2021 | 50000<br>16.11.2023 | 350000 |

**2. ലൈഫ്ഭവന പദ്ധതി (എസ്.സി.)**

ലൈഫ്ഭവന പദ്ധതി (എസ്.സി.) പ്രൊജക്ടുകൾ മുഖേന തുക കൈപ്പറ്റിയ താഴെ ചേർക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ അഡ്വാൻസ് തുക(₹)/തീയതി | അവസാനം കൈപ്പറ്റിയ ഗഡു(₹)/തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | കനക അശോകൻ, ചിറമുക്കിൽ | 40,000<br>08.09.2021 | 100000<br>22.02.2022 | 300000 |
| 2. | സുവർണ്ണ പ്രവീൺ ഉപ്പുകണ്ടത്തിൽ | 40,000<br>13.03.23 | 100000<br>27.03.2024 | 300000 |
| 3. | ആനന്ദം കേളപ്പൻ പനത്തറവീട് | 40,000<br>02.11.2022 | 100000<br>30.11.2022 | 300000 |
| 4. | ശാന്ത കുഞ്ഞപ്പൻ പുത്തൻചിറ | 40,000<br>16.11.2023 | 100000<br>25.03.2024 | 300000 |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി (നം.6/17.06.25 & നം.7/18.06.25) നൽകിയതിന് മറുപടിയായി അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽ പദ്ധതികളിൽ പണം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. പദ്ധതി ഫലപ്രാപ്തിയിലെത്തും വരെ നിർവ്വഹണോദ്യോഗസ്ഥന്റെയും, മോണിറ്ററിംഗ് സമിതിയുടെയും മേൽ നോട്ടം ഉണ്ടാകേണ്ടതുമാണ്.

**1-24 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല**

**1)**

| | |
|---|---|
| പ്രോജക്ട് നം., പേര് | S0003/25- വാഴകൃഷി വികസനം വനിത |
| അടങ്കൽ | ₹200000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹200000 |
| തുക, ബിൽ നം, തീയതി | ₹1,20,000 – 420/08.02.25 |
| | ₹80,000 - 421/08.02.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രൊജക്ട് പ്രകാരം 2,00,000/-രൂപ ചെലവഴിച്ച് കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും തൈ ഒന്നിനു 40 രൂപ നിരക്കിൽ 3000 ടിഷ്യുകൾച്ചർ വാഴയും 20 രൂപ നിരക്കിൽ ടിഷ്യു കൾച്ചർ ചെയ്യാത്ത 4,000 വാഴയും ഉൾപ്പെടെ ആകെ 7000 വാഴ കന്നുകൾ 100% സബ്സിഡി നിരക്കിൽ വാങ്ങി പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ [സ.ഉ.(എം.എസ്)നം. 115/2022/LSGD, തീയതി 28.05.2022]ഖ.6.1 പ്രകാരം വാഴ വിത്തിന്റെ എണ്ണം കണക്കാക്കേണ്ടത് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ സ്ഥലവിസ്തൃതി സംബന്ധമായ രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം നല്കിയ വാഴക്കന്നുകളുടെ എണ്ണം സാധൂകരിക്കുന്നില്ല.

G.O.(P)No.177/2006/Fin Dt.12.4.2006 പ്രകാരം, പ്രൊജക്ടുകളുടെ വിശദാംശങ്ങൾ, വരവു ചെലവു വിവരം, ഫണ്ടിനം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള Annexure B5 പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചില്ല. ആയതിനാൽ പ്രൊജക്ടുകളുടെ അടങ്കൽ/വരവു-ചെലവു/ബിൽ വിവരങ്ങൾ നിരീക്ഷിക്കൽ പ്രയാസകരമാണ്.

ഗ്രാമപഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീ 19/04/2022) ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടിക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മറ്റിയുടെ അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകാവുന്നതുമാണ്. ടി പ്രൊജക്ടിന്റെ കാര്യത്തിൽ മേൽ പരാമർശിച്ചത് പ്രകാരമുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല.മേൽ ന്യൂനത ചൂണ്ടി കാണിച്ചു കൊണ്ട് ഓഡിറ്റ് എൻക്വയറി നം.9/18.06.2025 നൽകിയതിന് മോണിട്ടറിംഗ് റിപ്പോർട്ട്, Annexure B5 പ്രോജക്ട് രജിസ്റ്റർ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2)

| | |
|---|---|
| പ്രോജക്ട് നം., പേര് | S0009/25- മില്ലറ്റ് കൃഷി |
| അടങ്കൽ | ₹6000 (വികസന ഫണ്ട് ജനറൽ)<br>₹4800 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹10800 |

| | |
|---|---|
| തുക, ബിൽ നം, തീയതി | ₹6,000 – 385/29.01.25<br>₹4,800 - 386/29.01.25 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പ്രോജക്റ്റ് പ്രകാരം ₹10800/-രൂപ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിഭജിച്ച് 3 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ വിതരണം ചെയ്തതായാണ് പ്രോജക്ട് ഫയലിൽ കാണുന്നത്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, മില്ലറ്റ് കൃഷിയുടെ ഫലപ്രാപ്തി തെളിയിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട്, Annexure B5 പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, Annexure B5 പ്രോജക്ട് രജിസ്റ്റർ എന്നിവ വരും വർഷങ്ങളിൽ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.8/18.06.2025 നൽകിയതിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ടു പ്രോജക്റ്റുകളുടെയും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

**<u>1-25 പി.എച്ച്.സി.കണ്ടക്കടവ്-മരുന്നുകൾ ലഭ്യമായില്ല</u>**

കണ്ടക്കടവ് പി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുളിൽ ഉൾപ്പെടുത്തി മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.

1)പാലിയേറ്റീവ് മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0089/25 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പി.എച്ച്.സി. |
| അടങ്കൽ | ₹8,00,000/-(വികസന ഫണ്ട്-ജനറൽ)<br>₹4,00,000/-(ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റ്) |
| ചെലവ് | ₹701911/-(വികസന ഫണ്ട്-ജനറൽ) |

പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PRF 4758/25.3.25 പ്രകാരം 48,732/-രൂപ പാലിയേറ്റീവ് മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്.(TRN-241112000000008472,തീ.25.3.25).മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ പ്രൊജക്ട് ഫയലിൽ ഇല്ല.

2)പി.എച്ച്.സി യിലേക്ക് ആവശ്യമായ മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0144/25(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | കണ്ടക്കടവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 673421/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്) |
| ചെലവ് | 537466/- |

കണ്ടക്കടവ് പി.എച്ച്.സി യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PRF 5391/23.3.24 പ്രകാരം 3,50,000/-രൂപ (TRN-241112000000001445,തീ.12.6.24) നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ നാളിതു വരെയായും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 14/19.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ രണ്ട് പ്രൊജക്ടുകളിലുമായി ആകെ ചെലവഴിച്ച 3,98,732/-രൂപ തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-26 വി.ഇ.ഒ.യുടെ പേരിലുള്ള ഐ.എം.എസ്.ഭവന പദ്ധതി ബാങ്ക് അക്കൗണ്ടിൽ 30 ലക്ഷത്തിലധികം രൂപ നീക്കിയിരിപ്പ്

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ പേരിൽ നോർത്ത് ചെല്ലാനം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ (നം.E 871) എസ്.ബി. അക്കൗണ്ട് നമ്പർ-1199 ൽ 31.3.2025 ൽ 12,159/-രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് & വി.ഇ.ഒയുടെ പേരിൽ നോർത്ത് ചെല്ലാനം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ (നം.E 871) എസ്.ബി. അക്കൗണ്ട് നമ്പർ-1342 ൽ 31.3.2025 ൽ 3066860/-രൂപയും നീക്കിയിരിപ്പുണ്ട്. 2013 കാലയളവ് വരെ മാത്രമേ ടി രണ്ട് ബാങ്ക് അക്കൗണ്ടുകളിലും പണമിടപാട് നടന്നിട്ടുള്ളൂ. നിലവിൽ പലിശ വരവ് മാത്രമേയുള്ളൂ. ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ലൈഫ് ഭവന നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റിയുടെ അനുമതി വാങ്ങുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ 18.12.24 ലെ ഭരണ സമിതി യോഗത്തിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് (തീരുമാനം നമ്പർ 36(12)). ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 19/19.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ ഊർജിതമാക്കി ആവശ്യമായ അനുമതികൾ ലഭ്യമാക്കി ഭവന നിർമ്മാണത്തിന് തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

## 1-27 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായുള്ള പ്രൊജക്ടുകൾ-ചെലവു രേഖകൾ ഹാജരാക്കാത്തത്-മറ്റ് അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായുള്ള വിവിധ പ്രൊജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | അപാകതകൾ/ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|---|
| 1 | S 0109/25 | സെർവ്വർ റൂം എ.സി. | 150000/- | 67980/- (ബിൽ നമ്പർ/തീയതി -740/25.3.25) | ധനകാര്യ കമ്മീഷൻ-ബേസിക്ക് ഗ്രാന്റ് | പിട്ടാപ്പിള്ളിൽ ഏജൻസീസ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും പാനസോണിക്ക് ബ്രാന്റ് എയർ കണ്ടീഷണർ 2 എണ്ണം വാങ്ങിയതിന്റെ ഇൻവോയ്സ് മാത്രമേ ഫയലിൽ ഉള്ളൂ. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, ലഭിച്ച ക്വട്ടേഷനുകൾ എന്നിവ ഫയലിൽ ഇല്ല. എയർ കണ്ടീഷണറുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഇല്ല. |
| 2 | S 0179/25 (സ്പിൽ ഓവർ) | തെരുവ് വിളക്ക് പരിപാലനം എ.എം.സി. | 250560/- | 244320/- (ബിൽ നമ്പർ/തീയതി -150/24.10.24) | ധനകാര്യ കമ്മീഷൻ-ബേസിക്ക് ഗ്രാന്റ് | എം.എ.ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ് തെരുവ് വിളക്കുകളുടെ പരിപാലനം (2023-24 ലെ സ്പിൽ ഓവറായി) 2024-25 വർഷം നടത്തിയത്. 244320/-രൂപയുടെ ഇൻവോയ്സ് സ്ഥാപനം നൽകിയത് ഫയലിൽ ഉണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തെരുവ് വിളക്ക് പരിപാലനത്തിന് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, ടെണ്ടറിൽ വിവിധ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ, ഓരോ വാർഡിലുമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ ഇനം, എണ്ണം എന്നിവ ചേർത്തിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 3 | S 0081/25 | തെരുവ് വിളക്ക് പരിപാലനം എ.എം.സി | 900000/- | 900000/- (ബിൽ നമ്പർ/തീയതി- 204/03.12.24, തുക-390240/- 364/17.01.25, തുക-284640/- വൗച്ചർ നം. 22401253/31.3.25, തുക-225120/-) | ധനകാര്യ കമ്മീഷൻ- ബേസിക്ക് ഗ്രാന്റ് | കരാർ ലഭിച്ച കമ്പനി സമർപ്പിച്ച ഇൻവോയ്സുകൾ, ബില്ലുകൾ, ടെൻഡർ വിളിച്ചതിന്റെ രേഖകൾ, സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ, കരാർ എന്നിവ ഫയലിൽ ഇല്ല. |
| 4 | S 0175/25 (സ്പിൽ ഓവർ) | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കൽ | 580762/- | 576645/- (ബിൽ നമ്പർ/തീയതി- 156/28.10.24 - ₹454508/- 165/02.11.24 -₹17215/- 166/02.11.24 – ₹9516/- 167/02.11.24 – ₹14176/- 168/02.11.24 – ₹33205/- 169/02.11.24 - ₹48025/-) | ധനകാര്യ കമ്മീഷൻ- ബേസിക്ക് ഗ്രാന്റ് | 122047/-രൂപ എസ്റ്റിമേറ്റ് തുക അടവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച കത്തുകൾ മാത്രമേ ഫയലിൽ ഉള്ളൂ. ബാക്കി 454598/-രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയതിന് ആധാരമായ രേഖകളും 576645/- രൂപയുടെ വാർഡ് തിരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ്, കെ.എസ്.ഇ.ബിയുമായി വെച്ച കരാർ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം എന്നിവയും ഫയലിൽ ഇല്ല. |
| 5 | S 0079/25 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 100000/- | 57276/- (ബിൽ നമ്പർ/തീയതി- 563/14.3.25 തുക-₹36218/- 638/21.3.25 തുക-₹21058/-) | ധനകാര്യ കമ്മീഷൻ- ബേസിക്ക് ഗ്രാന്റ് | 57276/-രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചത് ഫയലിൽ ഇല്ല. കരാർ വെച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് ധന വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. |
| 6 | S 0176/25 (സ്പിൽ ഓവർ) | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 92441/- | 79777/- (ബിൽ നമ്പർ/തീയതി- 640/21.3.25) | ധനകാര്യ കമ്മീഷൻ- ബേസിക്ക് ഗ്രാന്റ് | കെ.എസ്.ഇ.ബിയിൽ നിന്നുള്ള എസ്റ്റിമേറ്റ്, ബിൽ വിവരങ്ങൾ എന്നിവയടക്കമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ ചെലവ് | 19,25,998/- | | |

പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 12/19.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 19,25,998/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-28 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല**

നിക്ഷേപ പ്രവൃത്തികളുടെ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2024-25 വർഷം കെ.എസ്.ഇ.ബി,കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | S0076/25 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ലൈൻ വലിയ്ക്കൽ | 400000/-(ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റ്) | 395917/- (ബിൽ നമ്പർ-182/18.11.24,തുക-62,207/-, ബിൽ നമ്പർ-183/18.11.24, തുക-6034/-, ബിൽ നമ്പർ-184/18.11.24, തുക-29,238/-, ബിൽ നമ്പർ-186/18.11.24, തുക-91112/-, ബിൽ നമ്പർ-187/18.11.24, തുക-12216/-, ബിൽ നമ്പർ197/21.11.24, തുക-76658/-, ബിൽ നമ്പർ 403/06.2.25, തുക-118452/-) |
| 2 | S0174/25 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2571500/-(ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 432000/- (ബിൽ നമ്പർ-175/08.11.24) |
| | | ആകെ | 827917/- |

പ്രവൃത്തികളുടെ പൂർത്തീകരണ തീയതി അടക്കമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുമായി കരാർ വെച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി നർവ്വഹണ ഏജൻസികൾക്ക് തുക നൽകുമ്പോൾ പൂർത്തീകരണ തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി കരാർ വെയ്ക്കേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ 827917/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-29 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911/- കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 1502) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റിനായി 3 ബാങ്ക് അക്കൌണ്ടുകൾ കാനറാ ബാങ്കിലെ തോപ്പുംപടി ശാഖയിൽ നിലവിലുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

**1. 2024-25 വരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (I) സബ് സെന്റേഴ്സ് | 0 | 0 | 0 | 0 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി. | 0 | 293019 | 1229816 | 526597 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | | | | |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 0 | 6419794 | 201986 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 696434 | 5091 | 765996 |

**2. 2024-25 വരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (I) സബ് സെന്റേഴ്സ് | 0 | 0 | | 0 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. | | | 126364 | |

| | | | | | |
|---|---|---|---|---|---|
| | (Ii) പി.എച്ച്.സി. | | | | |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | | | | |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 0 | 0 | 6349500 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 21971 | 0 | 183253 |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | മറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| 2024-25 | 285/25 ഹെൽത്ത് ഗ്രാന്റ് തുക എൻ.എച്ച്.എംന് കൈമാറുന്നതിനു | 3575000 | 3575000 | |
| | 318/25 ഹെൽത്ത് ഗ്രാന്റ് തുക എൻ.എച്ച്.എംന് കൈമാറുന്നതിനു | 2774500 | 2774500 | |

## 1-30 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

<u>ജൽജീവൻ മിഷൻ - കേരളം</u>

08.06.2020-ലെ സ.ഉ.(കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമ പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത്തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക്

സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപന വിഹിതവും ഗുണഭോക്തൃവിഹിതവും തുക വകയിരുത്താതിനാൽ അടവാക്കിയിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

**1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 88000/- | 88000/- | 0 | ജൂൺ മുതൽ സെപ്റ്റംബർ വരെ ഒരു തസ്തിക ഒഴിവുണ്ടായിരുന്നു. |

**2.മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടെ) | | | |
| - | - | - | - | - | - |

**3.മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| - | - | - | - | - |

**4.മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| - | - | - | - | - | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം (S0058/25) | 200000 | 0 |
| | 11000 | മിൽക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് (S0012/25) | 11000 | 0 |
| | 628590 | ഭിന്നശേഷി | 628590 | 0 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0061/25) | | |
| | 50000 | ലൈഫ് ഭവന നിർമ്മാണം എസ്.സി. തുടർപദ്ധതി(S0088/25) | 50000 | 0 |
| | 100000 | അതിദരിദ്ര ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ (S0075/25) | 100000 | 0 |
| | 189495 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (S0126/25) | 189495 | 0 |
| | 200000 | ചെല്ലാനം വാർഡ്-17 ഫിഷർമെൻ കോളനി റോഡ് കോൺക്രീറ്റ് (S0203/25) | 200000 | 0 |
| | 40000 | ചെല്ലാനം വാർഡ്-17 ൽ കളത്തിൽ ലൈൻ അംഗനവാടി 49 ന് സമീപം കാന നടപ്പാത നിർമ്മാണം (S0300/25) | 40000 | 0 |
| | 164611 | ചെല്ലാനം വാർഡ്-4 മൂർത്തി അമ്പലത്തിന് പടിഞ്ഞാറുവശം വടക്കോട്ടുള്ള വഴി കാന കവർ സ്ലാബ് (SO0244/25) | 164611 | 0 |
| | 350000 | ചെല്ലാനം വാർഡ്- 20 53-0 നമ്പർ അംഗനവാടിയിലേക്കുള്ള വഴിയിൽ കാന കവർ സ്ലാബ് (S0112/25) | 350000 | 0 |
| ആകെ | **19,33,696** | | **19,33,696** | |
| ജില്ലാ പഞ്ചായത്ത് | 209530 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0061/25) | 209530 | 0 |
| | 4800 | കൃഷി ഭവനിലെ ആവർത്തന ചെലവുകൾ (S0009/25) | 4800 | 0 |
| | 257500 | എസ്. സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0125/25) | 257500 | 0 |
| | 1000000 | വാടച്ചിറ ഇടവഴിക്കൽ റോഡ് നിർമ്മാണം (S0204/25) | 1000000 | 0 |
| | 1000000 | സൊസൈറ്റി ലിങ്ക് റോഡ് നിർമ്മാണം (S0201/25) | 1000000 | 0 |
| | 1500000 | വി. എസ്. ആൻഡ്രൂസ് റോഡ് കാന നിർമ്മാണം (S0200/25) | 1500000 | 0 |
| | 720000 | ലൈഫ് 2020- ജനറൽ | 720000 | 0 |

| | | | | |
|---|---|---|---|---|
| | | ഫിഷറീസ് (S0107/25) | | |
| ആകെ | 46,91,830 | | 46,91,830 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിക്ഷേപ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. ഇപ്രകാരം 2024-25 വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കൽ (S0175/25) | 156/28.10.2024 | ₹4,54,508/- | 0 | ₹4,54,508/- |
| | | 165/02.11.2024 | ₹17,215/- | 0 | ₹17,215/- |
| | | 166/02.11.2024 | ₹9,516/- | 0 | ₹9,516/- |
| | | 167/02.11.2024 | ₹14,176/- | 0 | ₹14,176/- |
| | | 168/02.11.2024 | ₹33,205/- | 0 | ₹33,205/- |
| | | 169/02.11.2024 | ₹48,025/- | 0 | ₹48,025/- |
| | | | **₹5,76,645/-** | 0 | **₹5,76,645/-** |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (S0176/25) | 640/21.03.2025 | **₹79,777/-** | 0 | **₹79,777/-** |
| | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ലൈൻ വലിക്കൽ (S0076/25) | 182/18.11.2024 | ₹62,207/- | 0 | ₹62,207/- |
| | | 183/18.11.2024 | ₹6,034/- | 0 | ₹6,034/- |
| | | 184/18.11.2024 | ₹29,238/- | 0 | ₹29,238/- |
| | | 186/18.11.2024 | ₹91,112/- | 0 | ₹25,366/- |
| | | 187/18.11.2024 | ₹12,216/- | 0 | ₹91,112/- |
| | | 197/21.11.2024 | ₹76,658/- | 0 | ₹76,658/- |
| | | 403/06.02.2025 | ₹1,18,452/- | 0 | ₹1,18,452/- |
| | | | **₹3,95,917/-** | | **₹3,95,917/-** |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (S0079/25) | 563/14.03.2025 | ₹36,218/- | 0 | ₹36,218/- |
| | | 638/21.03.2025 | ₹21,058/- | 0 | ₹21,058/- |
| | | | **₹57,276/-** | | **₹57,276/-** |
| ആകെ | | | **₹11,09,615/-** | | **₹11,09,615/-** |
| ജല അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (S0174/25) | 175/08.11.2024 | ₹4,32,000/- | 0 | ₹4,32,000/- |
| ആകെ | | | **₹4,32,000/-** | 0 | **₹4,32,000/-** |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ | വർഷാരംഭത്തിൽ | തൻ വർഷം | ആകെ (₹) | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|---|

| | | തീയതി/വായ്പാ തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) | ലഭിച്ച വായ്പ തുക (₹) | | തുക (ഉത്തരവത്തിൽ കുറവ് ചെയ്ത തുക) | | ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ (₹) | പലിശ | |
| 1 | KURDFC ലൈഫ് | സ.ഉ.(എം.എസ്.) നം.511/2018/ ത.സ്വ.ഭ.വ. /20.06.2019 | 2,05,74,098 | 71,71,820 | 2,77,45,918 | 24,83,840 | | 2,52,62,078 |

**<u>തിരിച്ചടവിന്റെ വിവരം</u>**

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | |
| എസ്0321/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹12,41,800/- |
| എസ്0322/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹12,42,040/- |
| ആകെ | | ₹24,83,840/- |

## <u>4-7 സ്ഥിര നിക്ഷേപങ്ങൾ</u>

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 88,23,016/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 6,25,745/- |
| ആകെ | 94,48,761/- |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 94,48,761/- |

2023-24 ലെ വാർഷിക കണക്കുകളിലെ B-12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പ് ₹87,51,185/- ആയിരുന്നു. പലിശ കണക്കാക്കിയതിലുള്ള അപാകത മൂലം കുറവ് വന്ന തുക 71,831/- 2024-25 വർഷത്തെ പലിശയോട് ചേർത്ത് 2024-25 വാർഷിക കണക്കുകളിലെ I-7 ഷെഡ്യൂളിൽ പലിശ 6,97,576/- (6,25,745+71,831) ആയി ഉൾപ്പെടുത്തി നീക്കിയിരിപ്പ് കൃത്യമാക്കിയിട്ടുണ്ട്.
സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഭൗതിക പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | എഫ്.ഡി.രസീത് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | കേരള ബാങ്ക്, തോപ്പുംപടി | 145418802200029 | 12,87,419 |
| 2 | കേരള ബാങ്ക്, തോപ്പുംപടി | 145418802200038 | 45,92,944 |
| 3 | കേരള ബാങ്ക്, തോപ്പുംപടി | 145418802200010 | 13,64,484 |
| 4 | ചെല്ലാനം സർവീസ് സഹകരണ ബാങ്ക്, നോർത്ത് ചെല്ലാനം | 001001006660 | 10,90,069 |
| 5 | ചെല്ലാനം സർവീസ് സഹകരണ ബാങ്ക്, നോർത്ത് | 001001006661 | 11,13,845 |

| | | | |
|---|---|---|---|
| | ചെല്ലാനം | | |
| | | | 94,48,761 |

## 4-8 ഓഡിറ്റ് റിക്കവറി

2024-25 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക ധനകാര്യ പത്രികയിൽ 180400301, 180400103 എന്നീ ശീർഷകങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | രസീത് നം/തീയതി | തുക അടവാക്കിയ ആളുടെ/ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 2021-22 | 2-1 | 300.00 | 1240800998/14.01.2025 | കത്രീന ഫ്രാൻസിസ് |
| 2021-22 | 2-1 | 300.00 | 1240800999/14.01.2025 | മറിയാമ്മ വർഗ്ഗീസ് |
| 2021-22 | 2-1 | 300.00 | 1240801000/14.01.2025 | ഷെറി ജോർജ്ജ് |
| 2023-24 | 1-12 | 8160.00 | 1240800689/18.11.2024 | മാനേജർ, കെ. കെ. എക്സ്പോർട്ട്സ് |
| 2023-24 | 1-12 | 6360.00 | 1240800690/18.11.2024 | മാനേജർ, കെ. കെ. എക്സ്പോർട്ട്സ് |
| 2023-24 | 1-12 | 480.00 | 1240801526/14.02.2025 | മാനേജർ, വി.റ്റി.ജെ മറൈൻ |
| 2023-24 | 1-12 | 480.00 | 1240801527/14.02.2025 | ലഭ്യമല്ല |
| 2023-24 | 1-12 | 600.00 | 1240801709/24.02.2025 | പോൾ ബെന്നി, വേൾഡ് ഇന്റീരിയർ |
| | ആകെ | 16,980.00 | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണസംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർ സെന്റർ നിർമ്മാണം | റവന്യു റിക്കവറി നടപടികളിലൂടെ തുക ഈടാക്കി വരുന്നു. |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,76,33,704.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,08,62,576.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,02,048/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 211401/- | ശ്രീമതി വിനില സി.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 6,00,000/- | ഡോ. സ്മിത കെ.ഷേണായ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 1,88,000/- | ശ്രീമതി വിനില സി.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 2,50,000/- | ശ്രീമതി വിനില സി.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 3,50,000/- | ഡോ. ഷൈന എസ് തെരുവത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് |
| | 48,732/- | ഡോ. ശ്രീപ്രിയ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് |
| 1-27 | 19,25,998/- | ശ്രീമതി ശ്രീലത ജി, സെക്രട്ടറി |
| 1-28 | 8,27,917/- | ശ്രീമതി ശ്രീലത ജി, സെക്രട്ടറി |
| ആകെ | 44,02,048/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | - | - | - |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽ |
|---|---|---|---|

| നം | | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | വിലാസം |
|---|---|---|---|
| 1 | ശ്രീമതി ശ്രീലത ജി, സെക്രട്ടറി | സെക്രട്ടറി, ചെല്ലാനം ഗ്രാമ പഞ്ചായത്ത് | ലത വിഹാർ കണ്ണാംപ്പിള്ളി ഭാഗം, കായംകുളം പി.ഒ. |
| 2 | ഡോ. സ്മിത കെ. ഷേണായ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ചെല്ലാനം ഗ്രാമ പഞ്ചായത്ത് | അദിതിശ്രീ, തിരുമലഭാഗം പി.ഒ. തുറവൂർ |
| 3 | ശ്രീമതി വിനില സി.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെല്ലാനം ഗ്രാമ പഞ്ചായത്ത് | ഇ-4, ഗാലക്സി ഹമിൽട്ടൺ, ചിലവന്നൂർ റോഡ് എളംകുളം, കൊച്ചി |
| 4 | ഡോ. ഷൈന എസ്. തെരുവത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് | വി.ആർ.എസ് എടുത്തു | മാളികയിൽ, ഫോർട്ടു കൊച്ചി പി.ഒ., എറണാകുളം |
| 5 | ഡോ. ശ്രീപ്രിയ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കണ്ടക്കടവ് | അശ്വതി, ചാലക്കുടി പി.ഒ. തൃശൂർ |

**4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000(വരവ്) | എൽ.എഫ്.ഇ. (പി.1)921/02/ 7.7.2005 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ. (പി.1)1162/03/4.2.2004 |
| 2006-07 | എൽ.എഫ്.ഇ. (പി.1)201/10,തീ. 14.6.11 |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12/2.4.12 /7.5.12 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15/06.04.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം (പി.3) 960/2016/22.06.2016 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം (പി.3)1975/2016,07.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി.3)1761/2017, 21.11.2017/12.12.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി.3)2193/2018, 3.12.2018/10.12.2018 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.3) 1578/2019/ 3.01.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.3) 518/2021/ |

| | |
|---|---|
| | 31.03.2021/29.04.2021 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.3) 928/2022/ 06.08.2022/ 2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി.3) 148/2023/ 12.04.2023 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം.(പി.3) 1609/2023/ 28.05.2024 |
| 2023-24 | കെ.എസ്.എ.ഇ.കെ.എം.(പി.1) 1639/2024/ 29.11.2024 |

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2(1) dated 28-05-2025 and submitted on 29-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chellanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chellanam Grama Panchayat as on 31-03-2025

**Date: 11/07/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Chellanam Grama Panchayat for the Year 2024-2025.

**1.Major Observations**

1. In the cash flow statement net increase/ decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset register.

**2.Other Observations**

1. There occurs a difference in closing balance between B-17 and B-4 schedules in respect of Joint Venture account.

2. Non inclusion of notes to accounts in financial statements and non disclosure of material facts.

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്